HR
23/12

# കേരള സർക്കാർ

## സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - എഞ്ചിനീയർമാരുടെ മികച്ച സേവനത്തിന് അവാർഡ് ഏർപ്പെടുത്തുന്നതിന് - സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുമരാമത്ത് (സി) വകുപ്പ്

സ.ഉ. (ആർ.ടി) നം: 1855/2009/പൊ.മ.വ. തിരുവനന്തപുരം, തീയതി: 21-12-2009

---

പരാമർശം:- 1) കേരള പി.ഡബ്ല്യു.ഡി. ഗ്രാജുവേറ്റ് എഞ്ചിനീയേഴ്സ് അസോ. പ്രസിഡന്റിന്റെ 6.7.2009 -ലെ നിവേദനം.

2) ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 15.9.09 ലെ CE/Admn/PLA-10345/09 നമ്പർ കത്ത്.

## ഉത്തരവ്

പൊതുമരാമത്ത് വകുപ്പിൽ നിസ്വാർത്ഥവും നിസ്തുലവുമായ സേവനം കാഴ്ചവയ്ക്കുന്ന എഞ്ചിനീയർമാർക്കായി വർഷംതോറും നൽകുന്ന വിധത്തിൽ ഒരു പുരസ്കാരം ഏർപ്പെടുത്താൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നു. വകുപ്പിനുവേണ്ടി ആത്മാർപ്പണത്തോടെ, അനിതര സാധാരണമായി പ്രവർത്തനം നടത്തുന്നവരെയാണ് പുരസ്ക്കാരത്തിനായി പരിഗണിക്കുന്നത്. പതിനായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. അസിസ്റ്റന്റ് എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എന്നിങ്ങനെയുള്ള ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം പുരസ്ക്കാരം നൽകുന്നതാണ്. ഉദ്യോഗസ്ഥന്റെ സത്യസന്ധത, ഉദ്ഗ്രഥനം, കാര്യക്ഷമത, ഭരണനൈപുണ്യം കൂടാതെ റോഡ് സുരക്ഷയ്ക്കുവേണ്ടി സ്വീകരിച്ച ക്രിയാത്മക സമീപനം, വകുപ്പിനുവേണ്ടി ചെയ്ത മറ്റ് എടുത്തുപറയത്തക്ക നേട്ടങ്ങൾ എന്നിവ വിലയിരുത്തിയാവും പുരസ്ക്കാര നിർണ്ണയം. വ്യക്തിഗത മികവുകൾ ചൂണ്ടിക്കാട്ടിയുള്ള അപേക്ഷ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ്. പുറമേ മേലധികാരിയിൽ നിന്ന് നേരിട്ടു ലഭിക്കുന്ന ശുപാർശകളും യോഗ്യതാ നിർണ്ണയ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തുകയും സർക്കാരിന് ശുപാർശ നൽകുകയും ചെയ്യും. യോഗ്യതാ നിർണ്ണയ കമ്മിറ്റിയിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നു.

| | |
|---|---|
| 1. പ്രിൻസിപ്പൽ സെക്രട്ടറി, പി.ഡബ്ല്യു.ഡി | ചെയർമാൻ |
| 2. ചീഫ് എഞ്ചിനീയർ, ഭരണവിഭാഗം, പി.ഡബ്ല്യു.ഡി | മെമ്പർ |
| 3. പ്രിൻസിപ്പൽ, എഞ്ചിനീയറിംഗ് കോളേജ്, തിരു./തൃശൂർ | മെമ്പർ |
| 4. ഒരു റിട്ട. ചീഫ് എഞ്ചിനീയർ | മെമ്പർ |
| 5. കുസാറ്റ്/നിറ്റ് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ ഒരു പ്രതിനിധി | മെമ്പർ |

മേലധികാരികളിൽ നിന്ന് ലഭിക്കുന്ന ശുപാർശകൾ പുനഃപരിശോധിക്കാനോ, ആവശ്യമെങ്കിൽ തള്ളിക്കളയാനോ ഉള്ള അധികാരം അവാർഡ് നിർണ്ണയ കമ്മിറ്റിക്ക് ഉണ്ടായിരിക്കും. കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ഒരു നിശ്ചിത കാലയളവിനുള്ളിൽ പുരസ്ക്കാര നിർണ്ണയം നടത്തുകയും ഓരോ വർഷവും സമുചിതമായ ഒരു ദേശീയ/സംസ്ഥാനതല ആഘോഷ വേദിയിൽ വച്ച് ആയത് നൽകുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ടോംജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
പ്രോജക്ട് ഡയറക്ടർ, കെ.എസ്.റ്റി.പി.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.സി.
മാനേജിംഗ് ഡയറക്ടർ, കെ.ആർ.എഫ്.ബി.
പ്രസിഡന്റ്, കേരള പൊതുമരാമത്ത് ഗ്രാജുവേറ്റ് എഞ്ചിനിയേഴ്സ് അസോസിയേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
പൊതുമരാമത്ത് മന്ത്രിയുടെ പി.എ.

പകർപ്പ്:-
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
സി.എ. അഡീഷണൽ സെക്രട്ടറി - I
സി.എ. അഡീഷണൽ സെക്രട്ടറി - II
സി.എ. ജോയിന്റ് സെക്രട്ടറി, പി.ഡബ്ല്യു.ഡി.
എല്ലാ അണ്ടർ സെക്രട്ടറിമാർക്കും
പൊതുമരാമത്ത് വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
പൊതുസമ്പർക്ക വകുപ്പ് ഡയറക്ടർ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ